ടീച്ചിംഗ് എക്സ്പീരിയൻസിന് വിരുദ്ധമായി പ്രൊമോഷൻ കൊടുത്തിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം പരിശോധിച്ച് തീരുമാനമെടുക്കേണ്ട കാര്യമാണ്.

2 (*282) ആരോഗ്യ വകുപ്പിൽനിന്നും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ അധികാരങ്ങൾ

ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതിനുശേഷം ഇവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ആരോഗ്യ വകുപ്പിൽനിന്നും എന്തെല്ലാം അധികാരങ്ങളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ ആശുപത്രികളുടെ ചുമതല ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതുവരെ കൈമാറിയ ആരോഗ്യ കേന്ദ്രങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള ആശുപത്രികളുടെ വികസനത്തിനും ആരോഗ്യപദ്ധതി നടപ്പിലാക്കുന്നതിനും ആരോഗ്യവകുപ്പ് ഏതെല്ലാം കാര്യങ്ങളാണ് നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) . സർ,

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ആരോഗ്യവകുപ്പിലേയും നാട്ടുചികിത്സാ വകുപ്പിലേയും ഹോമിയോ വകുപ്പിലേയും ജില്ലാ ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ നടത്തിപ്പും നിയന്ത്രണവും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. അത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനപുരോഗതി ജില്ലാ മെഡിക്കൽ ഓഫീസർ ജില്ലാതലത്തിൽ നടത്തുന്ന സമ്മേളനത്തിലും വകുപ്പുസെക്രട്ടറിയും വകുപ്പദ്ധ്യക്ഷനും സംസ്ഥാനതലത്തിൽ നടത്തുന്ന സമ്മേളനത്തിലും ഓരോ മാസവും വിലയിരുത്താറുണ്ട്. കൂടാതെ വിവിധ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി അതത് തദ്ദേശഭരണ സ്ഥാപനങ്ങളും വിലയിരുത്തുന്നു.

(ബി) ജില്ലാ ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ നിയന്ത്രണവും മേൽനോട്ടവും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ പൊതുജനാരോഗ്യം സംരക്ഷിക്കാനും മെച്ചപ്പെടുത്തുവാനുമുള്ള നടപടികൾ, സാംക്രമിക രോഗങ്ങൾക്കെതിരായുള്ള രോഗപ്രതിരോധ നടപടികൾ, ആരോഗ്യപരിപാലന ബോധവൽക്കരണം, മയക്കുമരുന്നിലും മദ്യപാന

LIBRARY ARCHIVES Kerala Legislative Assembly

ത്തിനുമെതിരായ ബോധവൽക്കരണം, മായം ചേർക്കലിനെതിരായ പ്രചരണം തുടങ്ങിയവയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രധാന ചുമതലകളാണ്. ഇത് സംബന്ധിച്ച ഉത്തരവിന്റെ പ്രസക്തഭാഗം അനുബന്ധം 'എ' ആയി ചേർത്തിട്ടുണ്ട്.† സർക്കാരിൽ നിക്ഷിപ്തമായിരുന്ന ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തതിനെ തുടർന്ന്, കൈമാറുന്ന അധികാര അവകാശങ്ങൾ സംബന്ധിച്ച് ആരോഗ്യ വകുപ്പ് പൊതുവായ മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണപരമായ അധികാരങ്ങൾക്ക് പുറമെ സാമ്പത്തികാധികാരങ്ങളും ഇപ്രകാരം നൽകിയിട്ടുണ്ട്. വിവിധ ആരോഗ്യ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ മരുന്നും മെഡിക്കൽ സപ്ലൈസും ഒഴികെയുള്ള സാധനങ്ങളും ചട്ടങ്ങൾക്കും വിഹിതത്തിനും അനുസൃതമായി വാങ്ങുവാനും അധികാരം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഉത്തരവ് അനുബന്ധം 'ബി' ആയി ചേർത്തിട്ടുണ്ട്.†

(സി) ഉണ്ട്. 1999-ലെ കേരള പഞ്ചായത്തീരാജ് (ഭേദഗതി) ആക്ട് അനുശാസിക്കുന്നതനുസരിച്ച് സംസ്ഥാനത്തെ ജില്ലാ ആശുപത്രികളുടെ ചുമതല ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറുവാൻ ഉത്തരവായിട്ടുണ്ട്.

(ഡി) ജനറൽ ആശുപത്രികളും സ്പെഷ്യാലിറ്റി ആശുപത്രികളും ഒഴികെയുള്ള ആരോഗ്യവകുപ്പിലെ എല്ലാ ചികിത്സാ സ്ഥാപനങ്ങളും തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ പറയും പ്രകാരമാണ് :-

സബ് സെന്ററുകൾ	-	5094
പ്രൈമറി ഹെൽത്ത് സെന്ററുകൾ	-	962
കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ	-	80
മറ്റ് ആശുപത്രികൾ	-	69
താലൂക്ക് ആശുപത്രികൾ	-	41
ജില്ലാ ആശുപത്രികൾ	-	11

സ്പെഷ്യാലിറ്റി ആശുപത്രികൾ ഒഴികെയുള്ള ആയുർവേദ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ ഡിസ്പെൻസറികളും ആശുപത്രികളും ജില്ലാ ആയുർവേദ ആശുപത്രികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടു കൊടുത്തിട്ടുണ്ട്. ഹോമിയോപ്പതി വകുപ്പിൽനിന്നും ജില്ലാ ആശുപത്രികളുൾപ്പെടെയുള്ള എല്ലാ ഡിസ്പെൻസറികളും ആശുപത്രികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, സ്പെഷ്യാലിറ്റി ആശുപത്രികൾ എന്നിവ ഇപ്പോഴും ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിലാണ്.

(ഇ) ജീവനക്കാരുടെ നിയമനം അവരുടെ ശമ്പളം, അലവൻസുകൾ, സ്ഥാപനത്തിന് ആവശ്യമായ മരുന്ന്, ഉപകരണങ്ങൾ എന്നിവയുടെ വിതരണം ബന്ധപ്പെട്ട വകുപ്പ് മുഖാന്തിരം സർക്കാർ തന്നെയാണ് നിർവഹിക്കുന്നത്. വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി അധിക തസ്തിക സൃഷ്ടിക്കൽ, ജീവനക്കാരുടെ പരിശീലനം എന്നിവയും നടത്തുന്നു. വിവിധ ദേശീയ ആരോഗ്യ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പരിപാടികൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ വ്യാപകമായി ഉൾഗ്രാമങ്ങളിലും നഗരങ്ങളിലും ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്. രോഗചികിത്സ, പ്രതിരോധം എന്നിവയ്ക്കായുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളുടെ വികസനത്തിനായി അതതു പ്രദേശത്തേയ്ക്ക് അനുയോജ്യമായ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെയാണ് തയ്യാറാക്കേണ്ടത്.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, ബഹുമാനപ്പെട്ട മന്ത്രി അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടു കൊടുത്ത ആശുപത്രികളുടെയെല്ലാം പട്ടിക ഇവിടെ പറയുകയുണ്ടായി. ഇവിടെ ഡോക്ടർമാരും മറ്റ് ജീനക്കാരുമെല്ലാം ഗവൺമെന്റിന്റെ കീഴിൽത്തന്നെയാണ്. അതുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഡോക്ടർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് യാതൊരു വ്യവസ്ഥയുമില്ല. ഇതിന്റെ ഫലമായി ചില സ്ഥലത്ത് പ്രയാസങ്ങൾ ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ കീഴിൽ വരുന്ന ആശുപത്രികളിലെ ജീവനക്കാരുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം സഹായമാണ് ഗവൺമെന്റ് ചെയ്തുകൊടുക്കാൻ ഉദ്ദേശിക്കുന്നത്; അത് ചെയ്തുകൊടുത്തില്ലെങ്കിൽ പ്രവർത്തനം കാര്യക്ഷമമാക്കാൻ ചില ബുദ്ധിമുട്ടുകൾ ഉണ്ടെന്നുള്ള ചില അനുഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുംകൂടി കണക്കിലെടുക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, നിയമനം നടത്തുന്നതിന് അവർക്കുള്ള അവകാശത്തിൽപ്പെട്ട നടപടികളും ട്രാൻസ്ഫറുമൊക്കെ ഡിപ്പാർട്ടുമെന്റിന്റെ കൈവശമുണ്ട്. അത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാറുന്നതിന് ഇന്നത്തെ നിലയിൽ കുറെ നടപടികൾ ഉണ്ടാകണം. മലബാർ മദിരാശിയുടെ ഭാഗമായപ്പോൾ നിയമനവും ട്രാൻസ്ഫറുമെല്ലാം ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലായിരുന്നു. ആ രീതിയിൽനിന്ന് വ്യത്യസ്തമായി, ത്രിതല സംവിധാനം വന്നപ്പോൾ, ഈ സ്ഥാപനങ്ങൾ വ്യത്യസ്തമായ പഞ്ചായത്തുകളിൽ നിൽക്കുന്നതുകൊണ്ട് ആ രീതിയിലേയ്ക്ക് പോകുന്നത് എളുപ്പമുള്ള കാര്യമല്ല. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഇപ്പോഴത്തെ സ്ഥലംമാറ്റവും നടപടികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാത്തതുകൊണ്ട് അവർക്ക് വേണ്ട രീതിയിൽ നിയന്ത്രിക്കാൻ കഴിയുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റുമാരെ വിളിച്ചുവരുത്തി അന്യോന്യം പൊരുത്തപ്പെടുത്തി കാര്യങ്ങൾ ചെയ്യിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. എന്തെങ്കിലും ഉണ്ടെങ്കിൽ പരിശോധിക്കുകയും ചെയ്യാം.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, മരുന്ന് ഗവൺമെന്റ് വിതരണം നടത്തുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കുറെ വാങ്ങിക്കാം. കാര്യമായി മരുന്ന് വാങ്ങത്തക്കവിധത്തിൽ അവർക്ക് ഫണ്ട് കൊടുക്കുന്നുണ്ടെന്ന് തോന്നുന്നില്ല. മരുന്നുകളുടെ വിതരണം ആശുപത്രികളിൽ വരുന്ന രോഗികളുടെ എണ്ണത്തെ അടിസ്ഥാനപ്പെടുത്തി, കൂടുതൽ രോഗികൾ വരുന്ന തിരക്കുള്ള, അതിന് സാദ്ധ്യതയുള്ള ആശുപത്രികൾക്ക് അതിനനുസരിച്ച് ആവശ്യം നിർവഹിക്കത്തക്കവിധത്തിൽ മരുന്നുകൊടുക്കാൻ ആവശ്യമായ എന്തെങ്കിലും സംവിധാനം ഉണ്ടാക്കാൻ തയ്യാറാകുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, മരുന്ന് എത്ര കൊടുക്കണമെന്ന് നിശ്ചയിക്കുന്നത് ഗവൺമെന്റോ ഡിപ്പാർട്ടുമെന്റോ അല്ല. അവിടത്തെ മെഡിക്കൽ ആഫീസർ ഇൻഡെന്റ് ചെയ്യുകയാണ്. ഡിസ്ട്രിക്ട് മെഡിക്കൽ ആഫീ

LIBRARY ARCHIVES Kerala Legislative Assembly

സർ മുഖേന സ്റ്റോറിൽനിന്നും മരുന്നിന് ഇൻഡെന്റ് ചെയ്യുമ്പോൾ ചിലപ്പോൾ കാലതാമസം ഉണ്ടാകാറുണ്ട്. ചില കമ്പനികളുടെ വിതരണത്തിലുള്ള കാല താമസം, പേമെന്റ് വരുന്നതിലുള്ള കാലതാമസം, അത്തരത്തിലുള്ള ചില പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. അതിനൊരു ചെറിയ പരിഹാരമെന്നുള്ള നിലയ്ക്ക് ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പ്രോജക്ടിൽ ഉൾപ്പെടുത്തി അൺറ്റൈഡ് ഫണ്ടിലും മറ്റ് പ്രോജക്ടിലും ഉൾപ്പെടുത്തി 50,000 രൂപയ്ക്കുവരെ ഡിസ്പെൻസറികൾക്ക് മരുന്നുവാങ്ങി കൊടുക്കുന്നുണ്ട്. മരു ന്നിന്റെ പോരായ്മകൾ ധനലഭ്യതയ്ക്കനുസരിച്ചു മാത്രമേ നമുക്ക് പൂർണ്ണ മായി ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ. മരുന്നിന്റെ വിലയും കൂടി വരിക യാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കാറുണ്ട്. ഏതായാലും വിതരണ രംഗത്ത് കൃത്യമായി നടക്കേണ്ട കർമ്മങ്ങൾ നടക്കുന്നില്ല എന്ന് ബോദ്ധ്യപ്പെ ട്ടാൽ അത് തിരുത്താൻ ശ്രമിക്കാം.

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരേയും നഴ്സുമാരേയും താൽക്കാലികമായി നിയമിക്കാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. അങ്ങനെ നിയമിക്കുന്ന ജീവന ക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് തീരുമാനം എടുക്കാൻ എന്തെങ്കിലും അധികാരം ഈ സ്ഥാപനങ്ങൾക്ക് ഉണ്ടോ; അതിനെ സംബ ന്ധിച്ച് ഗവൺമെന്റ് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, അനുവദിക്കപ്പെട്ടിട്ടുള്ള തസ്തിക യിൽ സർവീസ് കമ്മിഷൻ മുഖേനയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേ നയോ ഡോക്ടർമാരെ കിട്ടാതെ വരുമ്പോൾ കരാറടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ് നിർദ്ദേശിക്കപ്പെടുന്ന പേര് വച്ചു കൊണ്ട് ഡിസ്ട്രിക്ട് മെഡിക്കൽ ആഫീസർ, കളക്ടർ എന്നിവർക്ക് ഇക്കാര്യ ത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പ്രാദേശി കമായി അവിടെ ജോലി ചെയ്യാൻ സന്നദ്ധതയുള്ള ഡോക്ടർമാരെ കണ്ടുപിടി ക്കാൻ കഴിയുകയും ഇവരുടെ താല്പര്യത്തോടുകൂടി ഡോക്ടർമാർ അവിടെ പ്രവർത്തിക്കുകയും ചെയ്യുമെന്നുള്ളതുകൊണ്ടാണ് അത്തരത്തിൽ ഒരു നിർ ദ്ദേശം കൊടുത്തത്. പബ്ലിക് സർവീസ് കമ്മിഷൻ ലിസ്റ്റ് വന്നാൽ കരാർ വ്യവസ്ഥയിൽ ഇന്നത്തെ രീതിയിൽ തുടർന്നുപോകാൻ കഴിയാതെ വരും. കമ്മ്യൂണൽ റിസർവേഷൻ തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുന്നതുകൊണ്ടാണ്. അതുമാത്രമല്ല നമ്മൾ പാസ്സാക്കിയിട്ടുള്ള സർവീസ് കമ്മിഷന്റെ വ്യവസ്ഥകൾ ക്കുള്ളിൽ നിന്നുകൊണ്ടു മാത്രമേ പ്രവർത്തിക്കാൻ പറ്റുകയുള്ളൂ. ഡോക്ടർ മാർക്ക് അലവൻസ് ഇനത്തിൽ 7500 രൂപ കൊടുക്കുന്നത് ഗവൺമെന്റാണ്, പഞ്ചായത്തുകളല്ല.

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് പ്ലാൻ ഫണ്ടാണ് നൽകുന്നത്. പല ആശുപത്രികളിലും മെയിന്റ നൻസ് നടത്താൻ കഴിയാത്തതായിട്ടുള്ള പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അവർക്ക് അതിനുള്ള ഫണ്ടുകൂടി അനുവദിക്കാൻ ഗവൺമെന്റ് തയ്യാറാ കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, 14 കാര്യങ്ങൾ പറഞ്ഞിട്ടാണ് ബഡ്ജറ്റിലുള്ള പണം വീതിച്ചുകൊടുക്കുന്നത്. ഭക്ഷണം, വെള്ളം, ഇലക്ട്രി സിറ്റി ചാർജ്, വാഹനങ്ങളുടെയും കെട്ടിടങ്ങളുടെയും മെയിന്റനൻസ് തുടങ്ങി

LIBRARY ARCHIVES Kerala Legislative Assembly

14 കാര്യങ്ങൾക്ക് പ്രത്യേകമായി നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിൽ മെയിന്റനൻസും പെടും. പക്ഷെ ആവശ്യത്തിന് പണമില്ലെന്നുള്ളത് വസ്തുതയാണ്. മുഴുവൻ മെയിന്റനൻസും ചെയ്യാൻ കഴിയാത്ത അവസ്ഥയാണുള്ളത്. കേരളത്തിൽ സ്ഥാപനങ്ങളുടെ എണ്ണം കൂടി വരികയാണ്. അതിനനുസരിച്ച് പണലഭ്യതയില്ലായെന്നതുകൊണ്ടാണ് മെയിന്റനൻസ് നടക്കാത്തത്. പക്ഷെ പഞ്ചായത്തുകൾ ഇപ്പോൾ മുൻഗണന കൊടുക്കുന്നുണ്ട് എന്നുള്ളത് മറ്റൊരു കാര്യം.

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എം.പി. ഫണ്ടിൽനിന്നുമുള്ള കാശ് ഉപയോഗിച്ച് നാട്ടിൻപുറങ്ങളിലുള്ള പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ധാരാളം കെട്ടിടങ്ങൾ പണിത് ഐ.പി. വാർഡുകൾ തുടങ്ങുന്നതിന് വേണ്ടി ഇട്ടിട്ടുണ്ട്. അതെല്ലാം ഇന്ന് നരിച്ചീറുകളും മറ്റും ഉപയോഗിക്കുന്ന സ്ഥിതിയാണുള്ളത്. ആ കെട്ടിടങ്ങളെല്ലാം ആശുപത്രിക്കുവേണ്ടി ഫലപ്രദമായി ഉപയോഗിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? ഇത്തരത്തിലുള്ള എത്ര കെട്ടിടങ്ങളുണ്ട്; എങ്ങനെ കാര്യക്ഷമമാക്കാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് ഒരു പഠനം നടത്തി തോന്നുന്ന സമയത്ത് കെട്ടിടം പണിയുന്ന സംവിധാനം അവസാനിപ്പിച്ച് ആവശ്യാനുസരണം കെട്ടിടം പണിയുന്നതിന് നിർദ്ദേശം കൊടുക്കുകയും പണിയുന്ന കെട്ടിടങ്ങളിൽ ഐ.പി. വിഭാഗം തുടങ്ങുന്നതിനുമുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊള്ളുമോ?

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : സർ, കെട്ടിടം നിർമ്മിക്കുന്നതിന് ഇപ്പോൾ ഒരു നിയന്ത്രണവുമില്ലാത്ത അവസ്ഥയുണ്ട്. എം.പി. മാരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്ന് വാർഡ് പണിയാൻ അനുവാദം ചോദിക്കുമ്പോൾ കൊടുക്കാതിരിക്കാൻ കഴിയുകയില്ല. അതിന് ആവശ്യമായ തസ്തിക അനുവദിച്ചുകൊണ്ടല്ല കെട്ടിടത്തിനുള്ള അനുവാദം കൊടുക്കുന്നത്. പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം പണിയുന്നുണ്ട്. പെരിഞ്ഞനത്ത് അവരുടെ ഫണ്ടിൽനിന്നും 75,00,000 രൂപ എടുത്ത് വാർഡ് പണിയുകയാണ്. ഓരോ മുനിസിപ്പാലിറ്റിയും ഈ രീതിയിൽ ശ്രമിക്കുകയാണ്. നാട്ടുകാർ പണം പിരിച്ചും വിദേശികൾ പണം പിരിച്ചും കെട്ടിടങ്ങൾ പണിയുന്നുണ്ട്. പക്ഷെ അതിന് ആവശ്യമായ മുഴുവൻ തസ്തികയും ഉണ്ടാക്കിയെടുക്കാൻ കഴിയുന്നില്ല. ഇക്കൊല്ലം പുതിയ കെട്ടിടങ്ങളിൽ തസ്തികയുണ്ടാക്കാൻ മാത്രം ബഡ്ജറ്റിൽ ഒരു കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കുറെ പരിഹരിക്കാൻ കഴിയുമെന്ന് ഗവൺമെന്റ് കരുതുന്നു. എല്ലാ കണക്കുകളും ഗവൺമെന്റ് ശേഖരിച്ചിട്ടുണ്ട്.

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : സർ, പഞ്ചായത്ത് നഗരപാലികാ ആക്ട് അനുസരിച്ച് എന്തെല്ലാം അധികാരങ്ങളാണ് ഗ്രാമ-ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : സർ, നിയമനങ്ങൾ, മെഡിസിൻ വിതരണം എന്നിവ ഒഴിച്ച് മറ്റെല്ലാ അധികാരങ്ങളും പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിട്ടുണ്ട്. ഭക്ഷണം വിതരണം ചെയ്യൽ, മെയിന്റനൻസ്, വെള്ളം, വെളിച്ചം മറ്റ് അറ്റകുറ്റ പണികൾ എന്നിവയ്ക്കുള്ള പണമാണ് അവർക്ക് കൊടുക്കുന്നത്. 1020 കോടി രൂപ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ 30% വരെ പരമാവധി സോഷ്യൽ സെക്ടറിനാണ്. സോഷ്യൽ സെക്ടറിൽ ചികിത്സയ്ക്കാണ് ഏറ്റവും അധികം പരിഗണന കിട്ടുന്നത്. സ്വാഭാവികമായും

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ വിഹിതമായി ചുരുങ്ങിയത് 100 കോടി രൂപയെങ്കിലും പഞ്ചായത്തുകൾ ഇതിനുവേണ്ടി ചെലവഴിക്കുന്നുണ്ട്. മുമ്പ് ഇല്ലാത്തതാണ്.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : സർ, ശ്രീ. എം.പി. വർഗ്ഗീസ് ചോദിച്ച ചോദ്യത്തോട് ബന്ധപ്പെടുത്തിത്തന്നെയാണ് എനിക്കും ചോദിക്കാനുള്ളത്. പല ആരോഗ്യകേന്ദ്രങ്ങളിലും ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ അവരുടെ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പുതിയ കെട്ടിടങ്ങൾ പണിതിട്ടുണ്ട്. ഈ കെട്ടിടങ്ങളൊക്കെത്തന്നെ ഉദ്ഘാടനം ചെയ്യപ്പെടാതെ കിടക്കുകയാണ്. ഡോക്ടർമാരും നഴ്സുമാരുമില്ലാതെ പല വർഷങ്ങളായി പൂട്ടിക്കിടക്കുന്ന കെട്ടിടങ്ങളുണ്ട്. ആവശ്യമായ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നൽകി ആ കെട്ടിടങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, പഞ്ചായത്തുകൾക്ക് കെട്ടിടങ്ങൾ ഉണ്ടാക്കാൻ പണവും അനുവാദവുമുണ്ട്. പക്ഷെ തസ്തിക ഇവർ സൃഷ്ടിക്കുന്നില്ല. തസ്തിക സൃഷ്ടിക്കേണ്ടത് ഗവൺമെന്റാണ്. ഗവൺമെന്റിന് ഇന്നത്തെ പണലഭ്യതയനുസരിച്ച് തസ്തിക സൃഷ്ടിക്കാൻ കഴിയില്ല. അതുപോലെ എം.പി. ഫണ്ടിൽ ഇപ്പോൾ വേണമെങ്കിൽ രണ്ടു തവണകളായി 20 ലക്ഷം രൂപ വരെയാകാം. ഒരു എം.പി.ക്ക് കിട്ടുന്നത് 2 കോടി രൂപയാണ്. കേരളത്തിലെ 30 എം.പി മാർക്കും കൂടി 60 കോടി രൂപയാണ് കെട്ടിട നിർമ്മാണത്തിനും റോഡു നിർമ്മാണത്തിനുംകൂടി കിട്ടുന്നത്. പക്ഷേ തസ്തിക നിശ്ചയിക്കാൻ യാതൊരു പ്രൊവിഷനുമില്ല. അതിന് സമാന്തരമായി ഗവൺമെന്റിന് വരുമാനമുണ്ടാക്കാൻ കഴിയില്ല. ആ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്.

മി. സ്പീക്കർ : ഏതായാലും ഈ തസ്തിക കണ്ടുകൊണ്ടുള്ള നിർമ്മാണമാണ് നല്ലത്. തസ്തികകൂടി കണ്ടുകൊണ്ട് അനുവാദം കൊടുത്ത് ആ രൂപത്തിലുള്ള ഒരു പരസ്പര ബന്ധം ഉണ്ടാകണം.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽ കോയിപ്രം പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്ററിന് പുതിയ ഒരു കെട്ടിടം പണിതിട്ട് വളരെക്കാലമായി. മന്ത്രി എന്നോടൊപ്പം ഒരിക്കൽ അവിടെ സന്ദർശിച്ചതാണ്. അവിടെ ഇന്ന് എല്ലാ സൗകര്യങ്ങളുമുണ്ട്. ഇല്ലാത്തത് ഡോക്ടർമാരുടെ പോരായ്മയാണ്. ആ പോരായ്മ നികത്തിയിട്ട് പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുമോ? മന്ത്രി അതിൽ പങ്കെടുക്കാൻ തയ്യാറാകുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, ഒരു എം.എൽ.എ. വിളിച്ചാൽ പോകാതിരിക്കാൻ പറ്റുമോ? പോയേ മതിയാകൂ. ഈ തസ്തികയുടെകാര്യം ധനലഭ്യതയനുസരിച്ച് തീരുമാനമെടുക്കാം.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഈ അധികാര വികേന്ദ്രീകരണം വിശദീകരിച്ചപ്പോൾ തന്നെ മെഡിസിനും മെയിന്റനൻസും ട്രാൻസ്ഫറുമൊക്കെ സർക്കാരിന്റെ കീഴിലാണ്. ഇതിൽ പ്രധാനപ്പെട്ട കാര്യം, പല കാലഘട്ടത്തിൽ ഒരു നിശ്ചിത സമയത്ത് പഞ്ചായത്തോ നാട്ടുകാരോ ഫ്രീയായി കൊടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രത്യേകിച്ച് ഹരിജൻ കോളനികളിലൊക്കെ അനുവദിച്ച പ്രൈമറി ഹെൽത്ത് സെന്ററുകൾ ആ കാലാവധി കഴിഞ്ഞിട്ടും സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ കഴിയാത്തതുകൊണ്ട് പല സ്ഥലത്തുനിന്നും ഒഴിവാക്കപ്പെടുന്നു. അതുകൊണ്ട് കൺസ്ട്രക്ഷന് പ്രത്യേകം ഒരു ലിസ്റ്റുണ്ടാക്കി പ്രത്യേകം എമൗണ്ട് ഇയർമാർക്ക് ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ തന്നെ സർക്കാരിന്റെ മറ്റു ഡിപ്പാർട്ടുമെന്റിലെ കെട്ടിടങ്ങളിൽ ഓക്കുപൈ ചെയ്തിട്ടുള്ള ആശുപത്രികളിൽ മെയിന്റനൻസ് നടത്താൻ ഫണ്ട് ട്രാൻസ്ഫർ ചെയ്യണം. അല്ലാതെ മെയിന്റനൻസിനു സാദ്ധ്യമല്ല. ആ കാര്യവും പരിശോധിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, 1974 മുതൽ കെട്ടിടവും സ്ഥലവും കൊടുക്കുന്നത് നാട്ടുകാരോ പഞ്ചായത്തോ ആണ്. ഗവൺമെന്റല്ല. എന്നാൽ സ്പെഷ്യൽ കോമ്പോണന്റിലും ട്രൈബൽ സബ് പ്ലാനിലും വരുന്നത് അങ്ങനെയല്ല. അതുകൊണ്ട് പണം കെട്ടേണ്ടി വരുന്നു. ഇപ്പോൾ പഞ്ചായത്തിനാണ് ആ അധികാരം. എ.എസും ടി.എസും കൊടുക്കേണ്ടത് അവരാണ്. പണം നീക്കിവയ്ക്കേണ്ടതും അവരാണ്. അവയുടെ ലഭ്യതയനുസരിച്ച് ഈ കാര്യങ്ങൾ പരിഗണിക്കാൻ കഴിയേണ്ടതാണ്. മെയിന്റനൻസിന്റെ കാര്യത്തിലും ചില നടപടിക്രമങ്ങൾ ഉണ്ടാകണം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള സ്ഥാപനങ്ങളാണ്. ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ 3 സ്ഥാപനങ്ങൾ ഉണ്ട്. താലൂക്ക് ആശുപത്രിയുണ്ട്, അഞ്ചുതെങ്ങ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഉണ്ട്, വക്കം പ്രൈമറി ഹെൽത്ത് സെന്റർ ഉണ്ട്. ഈ മൂന്ന് ആശുപത്രികളുടെയും ഭരണത്തിനു വേണ്ടി അവർക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽനിന്നും കൊടുത്തിട്ടുള്ളത് രണ്ടര ലക്ഷത്തോളം രൂപയാണ്. അതിന്റെ മെയിന്റനൻസ് നടത്താനും കറന്റ് ചാർജ്, വാട്ടർ ചാർജ് ഇവയെല്ലാം അടയ്ക്കാനും അവർക്ക് വരുമാനമില്ല. സാധാരണഗതിയിൽ ഒരു ബ്ലോക്ക് പഞ്ചായത്തിന് ഒരു സ്ഥാപനമേ ഉണ്ടാകുകയുള്ളൂ. പക്ഷേ ചിറയിൻകീഴ് ബ്ലോക്കിനെ സംബന്ധിച്ച് മൂന്ന് സ്ഥാപനങ്ങൾ ഉണ്ട്. ഇതിനനുസരണമായി ആശുപത്രിയുടെ മെയിന്റനൻസിനും മറ്റ് സർവീസ് ചാർജിനും അഡ്മിനിസ്ട്രേഷനും ആവശ്യമായ ഡെയിലി വേജസിന് ആളുകളെ വയ്ക്കുന്നതിനും പണം നൽകുന്ന കാര്യത്തിൽ ഗവൺമെന്റ് നടപടി സ്വീകരിക്കേണ്ടതാണ്.

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, പഞ്ചായത്തുകൾക്ക് ഈ പണം വിതരണം ചെയ്തിരിക്കുന്നത് ബെഡ്ഡുകളുടെ എണ്ണം, ജനസംഖ്യ, സ്റ്റാഫിന്റെ എണ്ണം, സ്ഥാപനങ്ങളുടെ എണ്ണം ഇവയൊക്കെയനുസരിച്ചാണ്. എന്നാൽ ചില ബ്ലോക്ക് പഞ്ചായത്തുകൾക്ക് സ്ഥാപനങ്ങൾ കൂടുതലുണ്ട്. അതിന് ഒത്തരീതിയിൽ പണം കിട്ടിയില്ലയെന്ന് പരാതിയുണ്ട്. ഒരു സ്ഥാപനം പോലുമില്ലാത്ത കൊടുവള്ളി ബ്ലോക്ക് പോലുള്ള അപൂർവം ബ്ലോക്കുകൾ കേരളത്തിൽ ഉണ്ട്. ചില ബ്ലോക്കുകളിൽ രണ്ടും മൂന്നും സ്ഥാപനങ്ങൾ വരുന്നു. ചില ബ്ലോക്കുകളിൽ ഒന്നും ഇല്ലാതെ വന്നിരിക്കുന്നു. കഴിഞ്ഞ കുറെ കാലങ്ങളായി നടക്കുന്ന വ്യത്യസ്തമായ ഒരു സ്ഥിതിയുണ്ട്. അത് പരിഹരിക്കാൻ ഇപ്പോൾ ഇല്ലാത്ത പഞ്ചായത്തുകൾക്ക് കൊടുക്കണമെന്നും ഇല്ലാത്ത പഞ്ചായത്തുകളിൽ സ്ഥാപനങ്ങൾ ഉണ്ടാക്കണമെന്നും ഉള്ള പഞ്ചായത്തുകൾക്കു മാത്രം കിട്ടിയാൽ പോരാ എന്നുമുള്ള ഒരു സമീപനം വച്ചാണ് ഗവൺമെന്റ് ചെയ്യുന്നത്. ഈ കാര്യത്തിൽ ആവശ്യമായ തുകയ്ക്ക് അർഹതയുണ്ടായിട്ടും ലഭിക്കാതെ പോകുന്നുവെന്നു പറഞ്ഞത് തീർച്ചയായും പരിശോധിക്കാം. നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

3 (*283) ആയുർവേദ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി

ശ്രീ. പി.സി. ജോർജ്ജ് :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :

LIBRARY ARCHIVES Kerala Legislative Assembly